Q22:381CA1 32J3
KUNJAN PILLAI
ANANTHAPURAVARNAM

Q22:381 CA1
32J3

MUL
165097

തിരുവിതാംകൂർ സർവ്വകലാശാല

ഭാഷാഗ്രന്ഥാവലി—അങ്കം 81

# അനന്തപുരവർണ്ണനം

ചരിത്രപ്രധാനമായ

ഒരു പ്രാചീന മലയാള പദ്യകൃതി

പ്രസാധകൻ

**ശൂരനാട്ടു കുഞ്ഞൻപിള്ള**

ആണററി ഡയറക്ടർ

ഹസ്തലിഖിതഗ്രന്ഥശാല, തിരുവനന്തപുരം.

തിരുവനന്തപുരം കേരളാപ്രസ്സിൽ

അച്ചടിച്ചതു്.

1953/1129.

പകർപ്പവകാശം സുരക്ഷിതം] [വില അണ 12

ഭാഷാഗ്രന്ഥാവലി—അങ്കം 41

# അനന്തപുരവൎണ്ണനം

ചരിത്രപ്രധാനമായ
ഒരു പ്രാചീന മലയാള പദ്യകൃതി

UNIVERSITY LIBRARY
8 NOV 1954
MADRAS

പ്രസാധകൻ

**ശൂരനാട്ടു കുഞ്ഞൻ പിള്ള**

ആണററി ഡയറക്റ്റർ
ഹസ്തലിഖിതഗ്രന്ഥശാല, തിരുവനന്തപുരം.

തിരുവനന്തപുരം കേരളാപ്രസ്സിൽ
അച്ചടിച്ചതു്.

1953/1129.

പകൎപ്പവകാശം സുരക്ഷിതം] [വില അണ 12

165097
38089
Q22:38/CA1
32J3

# അവതാരിക

ഈയിടെ തിരുവനന്തപുരം യൂണിവേഴ്സിററി മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിൽ നിന്നും ഭാഷാത്രൈമാസികം വഴി ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പ്രാചീനമലയാളകൃതിയാണ് അനന്തപുരവർണ്ണനം. പേരിൽനിന്നു മനസ്സിലാക്കാവുന്നതുപോലെ തിരുവനന്തപുരത്തെപ്പററിയുള്ള വർണ്ണനമാണ് ഇതിൻെറ വിഷയം. 'തമിഴം സംസ്കൃത'മെന്നു തുടങ്ങുന്ന മണിപ്രവാളപരാമർശകമായ ഒരു പദ്യം ഇതിലുള്ളതാണ് ലീലാതിലകത്തിൽ ഉദ്ധരിച്ചിരിക്കുന്നതു്. ഈ വസ്തുതയിൽനിന്ന് ഈ ലഘുകാവ്യത്തിൻെറ പ്രാചീനത മനസ്സിലാക്കാം.

പ്രാചീനമായ ഒരു സ്ഥലവർണ്ണന എന്ന നിലയ്ക്കു മാത്രമല്ല ഈ ലഘുകാവ്യത്തിൻെറ പ്രാധാന്യം. പഴയ മലയാളകൃതികൾ, അവ ഉണ്ടായ കാലത്തെ ഭാഷയുടെയും സാഹിത്യത്തിൻെറയും മാതൃകയായിട്ടാണ് നമ്മുടെ വിശേഷമായ ശ്രദ്ധ അർഹിക്കുന്നതു്. അത്തരത്തിൽ ഈ കൃതി ആദ്യംതൊട്ടേ എൻ്റെ ഗൗരവമായ ശ്രദ്ധയിൽ പെട്ടിരുന്നു. എൻെറ മാന്യസ്നേഹിതൻ ശ്രീ. വെണ്ണിക്കുളം ഗോപാലക്കുറുപ്പിൻെറ ആമുഖത്തോടുകൂടി ഇപ്പോൾ പ്രസിദ്ധീകരണത്തിനു സജ്ജമായിരിക്കയാണ് ഈ ലഘുകാവ്യം. എന്നാൽ ഇതിൻെറ പ്രസാധനസംബന്ധമായ പ്രവൎത്തനം ഇങ്ങനെ അവസാനിപ്പിക്കയല്ല, പ്രത്യുത, തുടങ്ങുക മാത്രമാണ് മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിൽനിന്നും ഉദ്ദേശിക്കുന്നതു്. ഇതിനു ചില പ്രത്യേക കാരണങ്ങളുണ്ടു്. കൃതി പൂൎണ്ണരൂപത്തിലാണോ കിട്ടിയിട്ടുള്ളതെന്നു സംശയമുണ്ടു്. കൂടല്ലൂർ മനയ്ക്കൽനിന്നു കിട്ടിയ ഏക മാതൃകയാണ് ഇപ്പോൾ അവലംബം. വേറെ മാതൃകയില്ലാത്തതുകൊണ്ടു പാഠശുദ്ധിവരുത്താൻ യുക്തി മാത്രമേ അവലംബമായിട്ടുള്ളു. ഇമ്മാതിരി വിഷയങ്ങളിൽ യുക്തിവിശ്വസിക്കത്തക്ക സഹായം നൽകുന്നില്ല. അതിനാൽ മററു മാതൃകകൾ അന്വേഷിക്കേണ്ടതു് അത്യാവശ്യമായിത്തീൎന്നിരിക്കുന്നു. പ്രാചീന മലയാളഭാഷയുടെ പഠനത്തിനു പ്രയോജകീഭവിക്കുന്ന ഈ ഗ്രന്ഥത്തിൻെറ മററു മാതൃകകൾ കൈവശമുള്ളവർ ദയാപൂൎവ്വം വിവരം അറിയിച്ചുതന്നാൽ അതു് ഈ സ്ഥാപനത്തിനു വളരെ ഉപകാരമായിരിക്കും.

ചരിത്രസംബന്ധമായ പ്രാധാന്യം ഈ കൃതിക്ക് ഉണ്ട്. ആ അംശം എടുത്തു പറയത്തക്കവണ്ണം പ്രധാനവുമാണ്. കൊല്ലവഷം 500–നു വളരെ പിന്നീടായിരിക്കാൻ വഴിയില്ല ഇതിൻെറ രചനാകാലം. ലീലാതിലകത്തിനു് മുമ്പായിരിക്കണമല്ലോ. ഒരുവേള പത്തോ അൻപതോ വഷം അങ്ങോട്ടോ ഇങ്ങോട്ടോ മാറാം. എന്നാലും നൂറാണ്ടുകൾമുറയ്ക്കു ചരിത്രം പഠിക്കാൻ ഉദ്ദേശിക്കുന്ന വിദ്യാൎത്ഥികൾക്ക് ഈ മാറ്റം വളരെ ഗൗരവമുള്ള കാൎയ്യമല്ല. അതിനാൽ കൊല്ലവഷം അഞ്ചുമാറും നൂററാണ്ടുകൾക്കിടയ്ക്കുള്ള ഒരു ഗ്രന്ഥമെന്നു് ഇതിനെ കരുതി അന്നത്തെ തിരുവനന്തപുരത്തെപ്പററിയും അന്നത്തെ ഭാഷയെപ്പററിയും ഇതിൽനിന്നു് എന്തെല്ലാം തെളിവുകൾ കിട്ടുന്നു എന്നാണു പരിശോധിക്കേണ്ടിയിരിക്കുന്നതു്.

തിരുവനന്തപുരം അന്നു് രാജധാനിയായിട്ടില്ല. ൯൩൯–നു ശേഷമേ ആ പദവി ഈ പട്ടണത്തിനു കിട്ടിയുള്ളു. പത്മനാഭസ്വാമിക്ഷേത്രത്തിൻെറയും കാന്തള്ളൂർശാല തുടങ്ങിയ മററു ക്ഷേത്രങ്ങളുടെയും പ്രാധാന്യമായിരുന്നു അക്കാലത്തു് തിരുവനന്തപുരത്തിനു് ഉണ്ടായിരുന്നതു്. ആ വസ്തുത ഈ കാവ്യത്തിൽനിന്നു തെളിയുന്നു. അതിനോടൊപ്പമേ തിരുവനന്തപുരത്തു പ്രധാനപ്പെട്ട ഒരു അങ്ങാടിയും അന്നു് ഉണ്ടായിരുന്നു എന്നു് ഈ കാവ്യത്തിൽനിന്നു വ്യക്തമായി മനസ്സിലാക്കാം. വളരെ നാളായി സ്ഥാനനിൎണ്ണയത്തിനു പ്രയാസമുണ്ടായിരുന്ന കാന്തള്ളൂർശാല തിരുവനന്തപുരത്തായിരുന്നു എന്നു് ഇതിൽനിന്നു് നിർവ്വിവാദമായി തെളിയുന്നു.

അനേകം പ്രാചീനമലയാളപദങ്ങൾ, വിശേഷിച്ചു് കച്ചവടസാധനങ്ങളുടെ പേരുകൾ, ഈ കൃതിയിൽ കാണുന്നുണ്ടു്. ഇവയുടെ അൎത്ഥവിചാരത്തിൽ പ്രത്യേകം മനസ്സു വച്ചുകൊണ്ടിരിക്കയാണു്. നിഷ്കൃഷ്ടമായ അൎത്ഥകല്പനയ്ക്കു് ഈ ഓരോ വാക്കും പാഠശുദ്ധിയോടുകൂടി കിട്ടേണ്ടിയിരിക്കുന്നു. അതിലേക്കു ഇതര മാതൃകകൾ കാണുന്നതു് അത്യാവശ്യമാണു്.

ബഹുജനങ്ങൾ ഈ പ്രസാധനയത്നത്തെ വിജയപൂർണ്ണമാക്കാൻ മാതൃകകൾ ഉള്ളപക്ഷം തന്നും, അറിയാവുന്ന വിവരങ്ങൾ അറിയിച്ചും പ്രോത്സാഹിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

തിരുവനന്തപുരം,
൪—൧൨—൧൯൨൭

ആണററി ഡയറക്ററർ
ശൂരനാട്ടു കുഞ്ഞൻ പിള്ള

# ആമുഖം

ഭാഷാത്രൈമാസികത്തിൻെറ രണ്ടാംവാല്യം മൂന്നും നാലും ലക്കങ്ങളിലായി പ്രസിദ്ധപ്പെടുത്തിയശേഷം ഇപ്പോഠം ആദ്യമായി പുസ്തകരൂപത്തിൽ പ്രകാശിപ്പിക്കുന്ന 'അനന്തപുരവർണ്ണനം' എന്ന ഈ ലഘുകാവ്യം പ്രാചീനമണിപ്രവാളസാഹിത്യത്തിലെ ഒരു ദശാ-വിശേഷത്തെ ഉദാഹരിക്കുന്ന വിലയേറിയ ഒരു വിഭൂഷണമാണ്. കാവ്യം ചെറുതാണ്; അനുഷ്ടുപ്‌വൃത്തത്തിൽ നൂററിത്തൊണ്ണൂറോളം പദ്യങ്ങഠംമാത്രമേ ഇതിലടങ്ങിയിട്ടുള്ളു. സാഹിത്യഗുണംകൊണ്ടു നോക്കിയാൽ ഉച്ചശ്രേണിയിൽ ഉഠംപ്പെട്ടതെന്ന് അവകാശപ്പെടാനും നിവൃത്തിയില്ല. എന്നിരുന്നാലും, സാഹിത്യചരിത്രകാരൻെറ ദൃഷ്ടിയിൽ വളരെ പ്രാധാന്യമുള്ള ചില വസ്തുതകഠം അന്തർഭവിച്ചിരിക്കുന്നു എന്ന കാരണത്താൽ ഈ കൃതി സവിശേഷം പഠനീയമാണെന്നു സമ്മതിക്കാതെ കഴികയില്ല. അങ്ങുമിങ്ങും ചില രേഖകഠംമാത്രം അവശേഷിക്കുന്ന മണിപ്രവാളകാവ്യചിത്രത്തെ സംബന്ധിച്ചേടത്തോളം ഒരു സ്വരൂപജ്ഞാനമുണ്ടാകുന്നതിന്നും അതിൻെറ രാമണീയകം ആസ്വദിക്കുന്നതിന്നും ഈ രേഖാപംക്തി നമ്മെ സഹായിക്കും. ലീലാതിലകം പ്രഥമശില്പത്തിൽ മണിപ്രവാളത്തെക്കുറിച്ചു ചർച്ചചെയ്യുന്ന കൂട്ടത്തിൽ ആചാര്യൻ ഉദ്ധരിച്ചിട്ടുള്ള

"തമിഠംസംസ്കൃതമെൻറുള്ള സുമനസ്സുകഠം കൊണ്ടൊരു
ഇണ്ടമാല തൊടുക്കിൻേറൻ പുണ്ഡരീകാക്ഷപൂജയാ(യ്)"

എന്ന ഉദാഹരണം അനന്തപുരവർണ്ണനത്തിലെ എട്ടാമത്തെ പദ്യമാണ്. മണിപ്രവാളയോഗത്തിൽ മണിയുടെ സ്ഥാനം ഭാഷയ്ക്കും പവിഴത്തിൻെറ സ്ഥാനം സംസ്കൃതത്തിന്നുമാണെന്നു സമത്ഥിക്കുവാനും, ഭാഷ (മലയാണ്മ) എന്ന അത്ഥത്തിൽ പ്രാചീനകവികഠം 'തമിഠം' എന്നു പ്രയോഗിക്കുക സാധാരണമായിരുന്നു എന്നു കാണിക്കുവാനുമാണു പ്രസ്തുത പദ്യം എടുത്തു ചേത്തതു്. ഇതനുസരിച്ചു ഭാഷയ്ക്കു മുൻകൈ അനുവദിച്ചുകൊണ്ടു് അദ്ദേഹം 'ഭാഷാസംസ്കൃ-

തയോഗോ മണിപ്രവാളം' എന്നു നിർവ്വചിക്കയും ചെയ്യിരിക്കുന്നു. ഇതിൽനിന്നു ലീലാതിലകകാരൻെറ ശ്രദ്ധയ്ക്കു വിഷയീഭവിച്ച ഒരു കൃതിയാണ് അനന്തപുരവർണ്ണനം എന്നു മനസ്സിലാക്കാം. ഈ ഒരു സംഗതി തന്നെ പ്രസ്തുതകൃതിയുടെ ഗണനീയതയെ സൂചിപ്പിക്കുന്നു.

## വിഷയവും പ്രതിപാദനവും

ഇതിലെ വർണ്ണനാവിഷയം തിരുവനന്തപുരം ആണെന്നു സാമാന്യമായിപ്പറയാം. വാസ്തവത്തിൽ സ്ഥലവർണ്ണനത്തിലുള്ള കൗതുകത്തെക്കാൾ കവിയുടെ ഈശ്വരാഭിമുഖമായ ചിത്തവൃത്തി വിശേഷമാണ് ഈ കൃതിയ്ക്കു പ്രേരകമായി നിന്നതെന്നു കാണാം. ക്ഷേത്രങ്ങളെയും തീർത്ഥങ്ങളെയും കീർത്തിക്കുന്നതിനിടയ്ക്ക് ആനുഷംഗികമായി 'ആപണശ്രേണി'യെയും 'വാണിയർവാണിയ'ത്തെയും കൂടി വർണ്ണിക്കുന്നു എന്നേ ഉള്ളു. അതിനാൽ ഇതൊരു സ്തോത്ര കാവ്യമായി പരിഗണിക്കുന്നതിൽ വിരോധമില്ല.

"മോക്ഷാർത്ഥമായിരിപ്പോരു ദീക്ഷപൂകിൻറതുണ്ടു ഞാൻ;
രക്ഷിക്കവേണ്ടുമെൻേറയ്ക്കും നിക്ഷേപമയമഞ്ജലിഃ.
അനന്തപുരമെന്റിത്ഥം ആ (ദ? ന)ന്ദം കവിയായിതു;
സ്തോത്രാമൃതരസംകൊണ്ടെൻ ശ്രോത്രപാത്രം നിറൈപ്പിതു."

എന്നിങ്ങനെ പ്രാരംഭത്തിൽ കാണുന്ന പദ്യങ്ങൾ മേൽ പറഞ്ഞ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. ഇവയിൽ ആദ്യത്തെ പദ്യം നമുക്കൊരു അനുമാനത്തിനു കൂടി വക തരുന്നുണ്ട്; ക്ഷേത്രത്തിൽ ഭജനം പാർക്കുവാൻ ഉത്സുകനായി വന്ന ആരോ ഒരാളല്ലേ കവി എന്നു്. അദ്ദേഹം സ്ഥലവാസിയോ അഭ്യാഗതനോ ആയിവരാം. അതിരിക്കട്ടെ.

വിഷ്ണു, ഗണപതി, സരസ്വതി, മഹേശ്വരൻ എന്നിവരെ സ്മരിച്ചശേഷം, പല ചരിതങ്ങളെ സംഗ്രഹിച്ചു താൻ ഒരു മണിപ്രവാളകാവ്യം രചിക്കാനൊരുങ്ങുന്നു എന്നാണു കവിയുടെ പ്രസ്താവന. അനന്തരം, പ്രദക്ഷിണം ചെയ്തു് അകത്തു കടന്നാൽ പല തീർത്ഥങ്ങൾ കാണാമെന്നു പറയുന്നു. ഇന്ദ്രതീർത്ഥം, ഭൃഗുതീർത്ഥം, അഗ്നി

തീൎത്ഥം, വരാഹം, ദക്ഷിണഗംഗ എന്നീ തീൎത്ഥങ്ങളാടിക്കഴിഞ്ഞാൽ ഒരു നടക്കാവായി. പിന്നെ ഏഴെട്ടു പദ്യങ്ങൾകൊണ്ടു് ആ നടക്കാവിനെ വൎണ്ണിക്കുന്നു.

"അളിയും കിളിയും തമ്മിൽ കളമായ് വളരിൻെറടം;
പള്ളിയാകിൻെറ പിള്ളേരാൽ പുള്ളിനം തുള്ളി നില്പെടം."

എന്നിങ്ങനെ മനോഹരമായ ഒരു വൎണ്ണനയാണതു്. അതുകഴിഞ്ഞാൽ 'ഈശാനമണ്ഡപത്തിങ്കൽ ചേരും വാണിയർവാണിയ'മാണു വൎണ്ണ്യവിഷയം. പിന്നീടു് കണപതീൎത്ഥം, സോമതീൎത്ഥം, രാമതീൎത്ഥം, അനന്തതീൎത്ഥം എന്നിവയെപ്പററി പറഞ്ഞശേഷം ആപണശ്രേണിയുടെ വൎണ്ണനമായി. വാണിജ്യവസ്തുക്കളുടെ പേരു പറയുന്നിടത്തു് ഇന്നു ലുപ്തപ്രചാരങ്ങളായിത്തീൎന്നിട്ടുള്ള ഒട്ടനേകം പദങ്ങൾ പ്രയോഗിച്ചിരിക്കുന്നു. ഇന്ദുമാല, വെണ്ണി, പാത്തി, പത്തിരം, വീണിയ, കോണിയ, ചിക്കു്, ചിക്കിരം, നെരിപ്പട, ഇപ്പി, കണ്ടിക, തണ്ടിക, കാര, താരി, മഞ്ചെ, മഞ്ചണ, കമ്പായു, കൊമ്പെണ്ണ, പിരമ്പരണി, തൈലനത്തെണ്ണ മുതലായവ അക്കൂട്ടത്തിൽ പെട്ടവയാകുന്നു. പൊൻവാണിയക്കാരുടയും മത്സ്യവില്പനക്കാരുടെയും സംഭാഷണമാണു് അടുത്തതു്.

"മുറിച്ചുനോക്കിയേ കൊൾക മോതിരം പലവാകിലും
കണക്കു പോരാവൂണിന്നു പണിക്കക്കു് വിയം കൊടു."
"പരല്ക്കുപത്തുനെൽ കൊള്ളേൻ, വാഴക്കായ്ക്കു വരാൽ തരാം;
ചോളന്തരിക വാളെക്കു, കോളല്ല പുഴമീനിതു."

എന്നിങ്ങനെ സ്വാഭാവികമായ സംഭാഷണശൈലിയാണതു്. മത്സ്യങ്ങളുടെ തരഭേദം പറയുന്നതും ശ്രദ്ധേയമാണു്.

തുലിംഗർ, മാണ്ഡകർ, കലിംഗർ, ചോനകർ, ഗൗഡർ, കുടയാരിയർ, ചോഴിയർ മുതലായ പരദേശികൾ തിങ്ങിക്കൂടിയിരിക്കുന്ന ആപണത്തിൽ 'മരക്കല'ത്തിന്മേൽ വന്ന പലജാതി ചരക്കുകളും കണ്ടുകൊണ്ടു്, ഈശാനതീൎത്ഥവുമാടിക്കഴിഞ്ഞാൽ പിന്നെ 'കാന്തിയും ചെൽവവും' മികച്ച കാന്തളൂർചാല കാണാമെന്നു പറയുന്നു. ഇന്നത്തെ വലിയശാലയിൽ ക്ഷേത്രമാണു കാന്തളൂർചാലയെന്നു് ഊഹിക്കേണ്ടി

യിരിക്കുന്നു. * അവിടെ മൂന്നു കോയിലും മഠങ്ങളും കാണാമെന്നു വർണ്ണിച്ചിരിക്കുന്നതും ഈ ഊഹത്തിന്നു് ഉപോദ്ബലകമാണു്. ത്രിമൂർത്തികളെ പ്രതിഷ്ഠിച്ചിരിക്കുന്ന മൂന്നു ക്ഷേത്രങ്ങൾ ഇപ്പോഴും അവിടെ ഉണ്ടല്ലോ. പിന്നീടു് കവി വർണ്ണിക്കുന്നതു്, ആന, മയിൽ, ബഹുവിധവാദ്യങ്ങൾ, സ്ത്രീകൾ, ഭക്തന്മാർ, പരമഹംസന്മാർ, മുതലായവരെ മതിൽക്കെട്ടിനകത്തു കാണാമെന്നാണു്. അനന്തരം വേണാട്ടടികളുടെ വരവും കണ്ടു്, അയ്യപ്പസ്വാമിയെയും വന്ദിച്ചാൽ അടുത്തതു് ആമ്പാടി. ചാത്രർ, ഭട്ടകർ തുടങ്ങിയുള്ളവർ അവിടെയും ഉണ്ടു്. ആമ്പാടിവർണ്ണനം ഈ കാവ്യത്തിലെ പ്രധാനഭാഗമാണു്.

---

* വളരെ വാദപ്രതിവാദങ്ങൾക്കു് ഇടയാക്കിയിട്ടുള്ള ഒരു വിഷയമാണിതു്. ഗോപിനാഥറാവുവും അദ്ദേഹത്തിന്റെ അനുയായികളും കാന്തളൂർശാല തിരുവനന്തപുരത്തുള്ള വലിയശാല മഹാദേവർകോവിൽ ആണെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും മററു ചില പണ്ഡിതന്മാർ അതു വിഴിഞ്ഞത്തിനടുത്തുള്ള ഒരു വിദ്യാഭ്യാസകേന്ദ്രമായിരുന്നു എന്നു വാദിച്ചിട്ടുണ്ടെന്നും വിഴിഞ്ഞത്തോടു ചേർന്ന കാന്തളൂർശാല നശിച്ചശേഷം ആ പേരിൽ വലിയശാല വിദ്യാസങ്കേതമായി മാറിയതിനാൽ വലിയശാലാക്ഷേത്രത്തിനു കാന്തളൂർശാല മഹാദേവർകോയിൽ എന്നു പ്രസിദ്ധിവന്നതായിരിക്കാമെന്നും തിരുവിതാംകൂർ സ്റ്റേററുമാനുവലിൽ കാണുന്നു. (സ്റ്റേ–മാ–രണ്ടാംവാല്യം സദസ്യതിലക ടി. കെ. വേലുപ്പിള്ള. പേജ് 68–71) അതിനുപുറമെ അതേ വാല്യത്തിൽ പ്രകാശിപ്പിച്ചിട്ടുള്ള അനുബന്ധത്തിൽ (Appendix) താഴെക്കുറിക്കുന്ന ചരിത്രരേഖകൾ കാണുന്നതും ശ്രദ്ധേയമാണു്.

(1) "കീഴ്പ്പേരൂർ ചിരിവീരമാർത്താണ്ഡവർമ്മൻ തിരുപ്പാപ്പൂർ മൂത്ത തിരുവടിയിരുന്ന അരുളിഎടം തെക്കിൻകോപുരത്തിങ്കൽ കൊളത്തൂർ വീട്ടിൽ കോയിക്കലായി എഴുന്നരുളി ഇരുന്നരുള ചിറിതാമോതരാമിറുതപ്പിഴാരതിരുവടി ഇരുന്നരുളിയേടം കാന്തളൂർചാലൈയിൽ എഴുന്നരുളി ഇരുന്നരുളിയെടത്തു് കീഴ്വാരിയം……… …" (പേജ് 2. ചുരുണ നമ്പർ 1720)

(2) "…… …… ……ശ്രീകണ്ഠേച്ചുവരത്തു മകാതേവർകോവിലിൽ ശ്രീകോവിലും മുകമണ്ഡപവും നാലമ്പലവും തീപ്പിച്ചു കാന്തളൂർച്ചാലൈ മകാതേവർകോവിലിൽ വടക്കേടവും മിത്തിറാനന്തപുരത്തും കഴൈക്കൂട്ടത്തും തിപ്പാപ്പൂരം ചെംപുപണിയും തീപ്പിച്ചു മററും പല ക്ഷേത്തിറങ്ങളിൽ കേടുപാടു് തീപ്പാനുള്ളതും തീപ്പിച്ചു്…" (പേജ് 133–ക്ഷേത്രകാര്യം ചുരുണ നമ്പർ 49)

ഈ രേഖകളിൽനിന്നും വലിയശാല മഹാദേവർ കോവിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണു കാന്തളൂർശാലയെന്നു തെളിയുന്നു. അനന്തപുരവർണ്ണനമെന്ന ഈ കാവ്യത്തിലെ പരാമർശംകൊണ്ടു കാന്തളൂർശാല തിരുവനന്തപുരത്താണെന്നു സ്പഷ്ടം.

"പലമുത്തു*വെൺപല്ലും കോവൈച്ചെങ്കനിവായ്മലർ
ചെന്താമരമലർക്കണ്ണും ചന്ദ്രക്കീറൊത്ത നെററിയും,
തിമിരത്തെപ്പോരും കേശം അമരും വനമാലയും
ചന്ദ്രാദിത്യകരം നേത്രങ്ങരം ഇന്ദ്രാദ്യമരസേവിതം."

എന്നിങ്ങനെ സമുജ്ജ്വലമായ ഒരു വൎണ്ണനമാണതു്. അതിനെത്തുടൎന്ന് ദശാവതാരവൎണ്ണനമാണു്. അവസാനത്തിൽ ശ്രീകൃഷ്ണാപദാനങ്ങളെ പ്രത്യേകം കീൎത്തിക്കുകയും ചെയ്യുന്നു. ഇതാണു ഗ്രന്ഥസ്വരൂപം.

"കവിത മുഴുവനും കിട്ടീട്ടില്ല" എന്നു മഹാകവി ഉള്ളൂർ പറയുന്നു. (കേ. സാ. ചരിത്രം I. P. 375) അതു ചിന്തനീയമാണു്. 'ഭക്ത്യാ കേരംക്കിൽ ജനത്തിന്നു മുക്തിയെക്കേവലസ്ഥിതാം' (പദ്യം 185) എന്നുള്ളതു ഫലശ്രുതിയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാണെങ്കിൽ കാവ്യം അസമഗ്രമെന്നു വാദിക്കുവാൻ തരമില്ല. ക്ഷേത്രവും അതിനോടടുത്ത ഭാഗങ്ങളും മാത്രമായിരുന്നു അന്നത്തെ മുഖ്യസ്ഥാനങ്ങരം. അവയെ ഭക്തനായ കവി വൎണ്ണിച്ചു. അത്രത്തോളംകൊണ്ടു് അദ്ദേഹത്തിന്റെ ഉദ്ദേശം സാധിക്കയുംചെയ്തു. അക്കാലത്തു ക്ഷേത്രസമീപത്തു കൊട്ടാരം ഉണ്ടായിരുന്നില്ലെന്നുള്ളതു് ഒരു ചരിത്രവസ്തുതയാണു്. ഉണ്ടായിരുന്നെങ്കിൽ അതുംകൂടി വൎണ്ണിക്കുമായിരുന്നു. അതിനാൽ മുമ്പു പറഞ്ഞതുപോലെ മുക്കാലും ഒരു സ്തോത്രകാവ്യമായി നിൎമ്മിച്ചിട്ടുള്ള അനന്തപുരവൎണ്ണനം ഇത്രത്തോളംകൊണ്ടു് അവസാനിച്ചതായിരിക്കാം.

## കവിയും കാലവും

ഈ കാവ്യത്തിൻെറ രചയിതാവു് ആരാണെന്നു കണ്ടുപിടിക്കാൻ വേണ്ട തെളിവുകളൊന്നും കാവ്യത്തിൽ കാണുന്നില്ല. എങ്കിലും 'മയാ ശ്രുതം' (പദ്യം 13) എന്നും മററും പറയുന്നതിൽനിന്നു കവി തിരുവനന്തപുരത്തുകാരനല്ലെന്നും, 'ദസ്സ്' 'മുസ്രോളിപ്പു്' (പദ്യം 137) മുതലായ വാക്കുകരം പ്രയോഗിച്ചിരിക്കുന്നതിൽനിന്നു് ഒരു നമ്പൂരിയാണെന്നും മനസ്സിലാക്കാം എന്നാണു് മഹാകവി ഉള്ളൂരിന്റെ അഭിപ്രായം. (കേ. സാ. ച. I 377-ാംപുറം നോക്കുക.)

"പത്തു യോജന നീളത്തിൽ പത്തു ദിക്കും നിറെഞ്ഞിതു
തിരുമേനി വലംചെയ്വാൻ അരുതെൻറു മയാ ശ്രുതം."

എന്ന പദ്യത്തിൽനിന്നു കവി തിരുവനന്തപുരത്തുകാരനല്ലെന്നു് എങ്ങനെ മനസ്സിലാക്കാം? 'പുണ്ഡരീകാക്ഷ'ൻെറ മഹിമാതിശയത്തെ പ്രകീൎത്തിക്കുമ്പോൾ പത്തു ദിക്കും നിറഞ്ഞ തിരുമേനിയെ വലം വെയ്ക്കുന്നതു് അസാധ്യമാണെന്നു ഞാൻ കേട്ടിട്ടുണ്ടു് എന്നേ കവി പറയുന്നുള്ളു. ഇതു് ഏതു നാട്ടുകാരനായ കവിക്കും പറയാവുന്നതാണു്. അടുത്ത പദ്യത്തിൽ കാണുന്നതു, 'തഥാപി ചുഴലിൻേറൻ ഞാൻ യഥാ സിദ്ധർകം ഞായമായ്' എന്നാണു്. പൂൎവ്വാൎദ്ധത്തെ തുടൎന്നു, 'അങ്ങനെയാണെങ്കിലും പ്രദക്ഷിണം ചെയ്യുന്നു' (അതായതു തിരുമേനിയെ വലത്തുവെയ്ക്കുന്നു) എന്നും പറഞ്ഞു കാണുന്നുണ്ടല്ലോ. ആകയാൽ കവി അന്യദേശക്കാരനാണെന്നുള്ളതിനു 'മയാശ്രുതം' ഒരു തെളിവാകയില്ല.

ഓരോ സ്ഥലങ്ങളിലെ പ്രതിഷ്ഠാമൂൎത്തികളെ വൎണ്ണിക്കുന്നതു പ്രായേണ അതാതു സ്ഥലത്തുള്ള കവികളായിരിക്കും. എന്നാൽ അനന്തപുരം പോലെയുള്ള പ്രസിദ്ധക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെയായിരിക്കണമെന്നില്ല; ആയിക്കൂടെന്നുമില്ല. സ്വാതിതിരുനാൾ 'ഉത്സവപ്രബന്ധ'വും വലിയ കോയിത്തമ്പുരാൻ 'ശ്രീപത്മനാഭപദപത്മശതക'വും നിൎമ്മിച്ചു. ഒന്നാമൻ സ്വദേശിയും രണ്ടാമൻ സ്വദേശിയായത്തീൎന്ന ആളുമാണു്. മറുനാട്ടുകാരായ മററു ചിലരും തിരുവനന്തപുരത്തെ വൎണ്ണിച്ചിട്ടില്ലേ? ഇങ്ങനെ ആലോചിക്കുമ്പോൾ ഏതെങ്കിലുമൊരു നമ്പൂതിരിയോ രാജാവോ അമ്പലവാസിയോ ആയിരിക്കാം കവി എന്നു സാമാന്യമായി ഊഹിക്കാം. 'ദ്രസ്സ്' 'മുസ്രോളിപ്പു്' 'ചച്ചിക്കുക' മുതലായ പദങ്ങൾ മേൽപറഞ്ഞ മൂന്നു കൂട്ടൎക്കും പരിചയമുള്ളവയാണു്.

ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ള ആ പദ്യത്തിൽ ഒരു ധ്വനി അടങ്ങിയിട്ടുള്ളതായി തോന്നുന്നു. അതു മററൊന്നുമല്ല, ഒരു മാലാകാരനാണു കവിയെന്നു്. "വിഷ്ണുപൂജയ്ക്കു വേണ്ടി പതിവായി മാല കെട്ടുന്ന ഞാൻ ഇന്നു ഭാഷയും സംസ്കൃതവുമാകുന്ന പൂക്കൾ ചേൎത്തു് ഒരു ഇണ്ടമാല തൊടുക്കാൻ ഭാവിക്കുന്നു" എന്നൊരു

അർത്ഥപ്രതീതി സഹൃദയന്മാക്ക് ഉണ്ടാവാം. ഈ അനുമാനത്തിന്ന് അനുപപത്തിയില്ലെങ്കിൽ ഭക്തനും വിദ്വാനുമായ ഒരു വാരിയർ (പുഷ്പകനും പൊതുവാളും ആയിക്കൂടെന്നില്ല) ആയിരിക്കണം അനന്തപുരവർണ്ണനത്തിന്റെ കത്താവ്. ഇതിലധികമൊന്നും കവിയെപ്പറ്റി പറയാൻ കാണുന്നില്ല.

ലീലാതിലകത്തിന്നു മുമ്പാണ് ഈ കൃതി നിർമ്മിക്കപ്പെട്ടതെന്നു തെളിഞ്ഞുകഴിഞ്ഞു. ക്രി. വ. 14-ാംശതകത്തിന്റെ ആരംഭത്തിലാണ് ഇതു് ഉണ്ടായതെന്നു മഹാകവി ഉള്ളൂരും കൊല്ലം 6-ാംശതകത്തിന്റെ ആരംഭത്തിലാണെന്നു മറെറാരു പണ്ഡിതനും പറയുന്നു. ഈ അഭിപ്രായങ്ങൾക്കു തമ്മിൽ വലിയ അകലമില്ല. ഭാഷാസ്വഭാവംകൊണ്ടു നോക്കിയാൽ ഉണ്ണുനീലിസന്ദേശത്തെക്കാൾ പഴക്കം അനന്തപുരവർണ്ണനത്തിന്ന് ഉണ്ടു്. ക്രി. വ. 14-ാംശതകത്തിന്റെ ആരംഭത്തിലോ അതിനല്പം മുമ്പോ ആയിരിക്കണം ഈ കാവ്യം നിർമ്മിച്ചതെന്നു് അനുമാനിക്കാനേ വക കാണുന്നുള്ളു.

അന്നത്തെ തിരുവനന്തപുരത്തെക്കുറിച്ചു് ഒരു ഏകദേശജ്ഞാനം നൽകുന്ന ഈ കൃതി ദേശഭാഷാചരിത്രങ്ങളിലേയ്ക്കു കണ്ണോടിക്കുന്നവക്ക് ഒരു കൈത്തിരി കത്തിച്ചപോലെ പ്രയോജനപ്പെടുമെന്നുള്ളതിനു സംശയമില്ല. തേഞ്ഞുമാഞ്ഞ അനേകം പദങ്ങൾ ഈ ചെറിയ കലവറയിൽനിന്നു കണ്ടെടുക്കാൻ കഴിയും. ഈ വിചാരഗതിയാണ് അനന്തപുരവർണ്ണനം പ്രകാശിപ്പിക്കുവാൻ ഞങ്ങളെ മുഖ്യമായി പ്രേരിപ്പിച്ചതു്.

ഹസ്തലിഖിതഗ്രന്ഥശാല
തിരുവനന്തപുരം
2—11—'53.

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
(പണ്ഡിതർ)

UNIVERSITY LIBRARY
NOV 1954
MADRAS

# അനന്തപുരവർണ്ണനം

[മാനസ്ക്രിപ്റ്റ്സ് ലൈബ്രറി ഗ്രന്ഥനമ്പർ 732 ആണ് ഈ കൃതിയുടെ ആദർശം. ഈ കൃതിയിൽനിന്ന് ചില ഭാഗങ്ങൾ ശ്രീ: ഉള്ളൂർ 'സഹൃദയ'മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു.]

ഹരഃയ നമ, നിന്നോമൽച്ചരണങ്ങളിരണ്ടിനും
[1]
ശരണാഗതനാകിഃൻറാൻ, കരുണാകര! നിത്യമായ്. 1

മോക്ഷാർത്ഥമായിരിപ്പോരു ദീക്ഷ പൂകിൻറതുണ്ടു ഞാൻ;
രക്ഷിക്കവേണ്ടുമെൻറയ്യും നിഃക്ഷേപമയമഞ്ജലിഃ! 2

[2]
അനന്തപുരമെൻറിത്ഥം ആ (ദീന) ന്ദാം കവിയായിതു;
സ്തോത്രാമൃതരസം കൊണ്ടെൻ ശ്രോത്രപാത്രം നിറെപ്പിതു. 3

അതിന്നു തുണയാമ്മാറു പതിയാക ഗജാനനൻ;
[3]
ഭക്ഷിക്ക പയറെള്ളപ്പമിക്ഷു ചക്ക വിരിപ്പവിൽ. 4

കുംഭം, പുസ്തകമം, സാക്ഷാൽ സംഭവിക്കിൻറ മുദ്രയും,
പിടിച്ചുവന്നെൻ നാവിന്മേൽ കുടിപൂക സരസ്വതി! 5

---

1. 'മരണത്തെ മറക്കലം' എന്നെഴുതീട്ട്, അതു വെട്ടി മേൽക്കാണുംപ്രകാരം ഗ്രന്ഥത്തിൽ എഴുതിയിരിക്കയാണ്.
2. കവിയായി=കവിയുമായി എന്നും കവിയായിട്ടു തീർന്നു എന്നും അർത്ഥം പറയാം. കൃതി എന്ന അർത്ഥത്തിലും കവിശബ്ദം പ്രാചീനഭാഷാകൃതികളിൽ ഉണ്ട്.
3. വിരിപ്പവിൽ=വിരിപ്പുനെല്ലിൻെറ അവിൽ.

4
നാരായണനുവയ്ക്കിൻറ മാരവൈരി മഹേശ്വരൻ
ഉമയാ സഹ മച്ചിത്തേ രമിക്ക നിജവേശ്മനി. 6
5
ചരിതം പല ചൊല്ലിൻറേറൻ ചതിച്ചോരു (ഗീപ)ദ്യമായ്;
പണിയില്ലയെനക്കേതും തുണ ശങ്കരനാകയാൽ. 7
6
തമിൾസംസ്കൃതമെന്നുള്ള സുമനസ്സുകളംകൊണ്ടൊരു
ഇണ്ടമാല തൊടുക്കിൻറേറൻ പുണ്ഡരീകാക്ഷപൂജയായ്. 8
അഹോ! നിൻ കീർത്തിയാകിൻറ മഹാ(ബ്ധിവെ)ള്ളത്തി- നിൻറൊരു
കരകാണ്മാനുഴെക്കിൻറു ഹൃദയത്തിന്നു പോററി! ഞാൻ. 9
പററുമുത്സാഹമുണ്ടെന്നാൽ മററുമെല്ലാമിതപ്പെട്ടും;
7
പണ്ടു ഗംഗാനദീതന്നെക്കൊണ്ടുപോന്നാൻ ഭഗീരഥൻ. 10
8
ദേവാനാം തലയിൽ പുക്കു കേവലംതാനിരിപ്പിതു;
ഉത്താനപാദപുത്രോ(പി) ഭക്തനാകനി(മി)ത്തമായ്. 11
ഞാനുമവ്വണ്ണമേ നിന്നെ മാനിച്ചുടിവണങ്ങിനാൽ,
9
അകമേ തോൻറുമത്യന്തം പുകഴ്ംപരിശാദരാൽ. 12
പത്തുയോജന നീളത്തിൽ പത്തു ദിക്കും നിറഞ്ഞിതു;
തിരുമേനി വലംചെയ്‌വാൻ അരുതെൻറു മയാ ശ്രുതം. 13

---

4. ഉവയ്ക്കിൻറ=ഇഷ്ടമുള്ള. 5. ചതിച്ച്=സരസമായിട്ട്; സൂക്ഷ്മമായിട്ട്.
6. ഈ പദ്യം 'ലീലാതിലകം' എന്ന പ്രാചീനമണിപ്രവാളശാസ്ത്രഗ്രന്ഥത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതാകുന്നു. സുമനസ്സുകളം=പുഷ്പങ്ങളം. ഇണ്ടമാല=ഉണ്ടമാല കെട്ടി വൃത്താകാരത്തിൽ ആക്കി ശിരസ്സിൽ ചാർത്തുവാനുള്ളതു്.
7. 'നദീതന്നെ' എന്നു ദീർഘത്തോടുകൂടിയും പണ്ടു പ്രയോഗിച്ചിരുന്നതു് ശ്രദ്ധേയമാണു്. ആധുനികഭാഷയിൽ, 'നദിതന്നെ' എന്നു് ഹ്രസ്വഘടിതമായിട്ടാണല്ലോ നടപ്പു്.
8. 'തലയിൽ' എന്നതിനു് മുകളിൽ എന്നേ ഇവിടെ അർത്ഥം കരുതേണ്ടു. 9. പുകഴ്ംപരിശു്=സ്തോത്രപ്രകാരം.

തഥാപി ചുഴലിൻേറൻ ഞാൻ യഥാ സിദ്ധ(കീർക)ൾ–[10]
[ഞായമായ്

[11]വട്ടമിട്ട വളൈച്ചെൻറാൽ വട്ടമിട്ടുള കാണലാം. 14

[12](തീർത്ഥ)ങ്ങൾ പലവും നീളെപ്പാർത്ഥനാ(യ്?ൽ)നിർമ്മി–
[തങ്ങൾ പോൽ;
ഇന്ദ്രതീർത്ഥവുമാടിപ്പോയ് വന്ദിച്ച ഭൃഗുതീർത്ഥമും. 15

ആഗ്നേയം ദിക്കിലുണ്ടല്ലോ അഗ്നിയാൽ നിർമ്മിതം സ (രഃ)
വേഗായ(ച)ശ്ശുചിർഭൃതാ ജവത്താൽ ചെൻറു പാരി–
[തം(?) 16

വരാഹതീർത്ഥമാടി (പ്പോയ്?) തന്നരികേ കാണലാം മഹൽ
വരാഹപ്രതിമം രൂപം പരലോകാ......നം. 17

സുരാസുരാണാം സ്രഷ്ടാരം പരമാനന്ദമവ്യയം
തന്നെ പ്രദക്ഷിണം വെണ്ണിപ്പിന്നെപ്പോന്നേരമഗ്രതഃ. 18

പാണികൊണ്ടു തൊട്ടുംവണ്ണം കാ(ണലാം?ണാം) ദക്ഷിണ–
[ഗംഗയും;
അതുമാടിട്ട പോംനേരമതിലുണ്ടങ്ങു പശ്ചിമം, 19

ഇടത്തു കാണലാം മുന്നിൽ നൈക്കാവത്തു ശോഭിതം;
നന്ദഃനാചമമാനന്ദാ മന്ദിരമതിശോഭിതം (?) 20

---

10. ഞായം=പോലെ. 11. വളൈ=അന്തർഭാഗം

12. ഇതിനുമേൽ അനവധി തീർത്ഥങ്ങളെ ഇതിൽ പരാമർശിച്ചിട്ടുണ്ട്. അവയെല്ലാം ഇന്നതിന്നതെന്ന് ഇന്നു കണ്ടുപിടിക്കുവാൻ എളുപ്പമില്ല. കാലംകൊണ്ട് പലതും നാമമാത്രമായിത്തീർന്നുപോയിരിക്കുന്നു. മററു പലതും "നാമാപി ന ശ്രൂയതേ" എന്ന നിലയിലും ആയിപ്പോയിരിക്കുന്നു. എന്നാൽ, 'അനന്തശയനക്ഷേത്രമാഹാത്മ്യം' എന്ന സംസ്കൃതകൃതിയുടെ പതിനൊന്നാമധ്യായത്തിൽ, തീർത്ഥസ്ഥാനങ്ങളുടെ വിവരണം കാണ്മാനുണ്ട്:—

അളിയും കിളിയും തമ്മിൽ കളമായ് വളരിൻെറടം;
പള്ളിയാകിൻെറ പിള്ളേരാൽ പുള്ളിനം തുള്ളിനില്പ്പെടം; 21

ലതയാകിൻെറ പെണ്ണുങ്ങൾ, പതിയാകിൻെറ വന്മരം;
......യിൽ പവിഴന്തമ്മിൽ (ത)ഴകി(ക്ക)ഴയിൻെറടം; 22

പൂവുങ്കായും നിറെഞ്ഞിട്ടു താഴിൻെറതൊരു ശാഖകം,
താങ്ങെൻറു മററു കൊമ്പിൻമേൽ ത്തുങ്ങി ..പ്പെടം. 23

പൂന്തേൻ ചൊല്ലി വിഹംഗങ്ങൾ പ..തിച്ചിന്തിന പൂമലർ;
കൂട്ടിൽ പുക്കടനേ തമ്മിൽ ഈട്ടി കൂകിൻെറ കോഴിയും. 24

പൂപ്പടൈപ്പരിചായെങ്ങും കീഴ്പ്പെട്ട.... ടം;
അക്ഷമാല പറിച്ചിട്ടു വൃക്ഷമേറി(ട്ടു) വാനരം. 25

ഇരുത്തു യോഗിനാം മുന്നിൽ പറിച്ചു ചിതറിൻെറടം;
ചന്ദനം ബകുളം ജംബു മന്ദാരസഹകാരവും. 26

ചേൺപ......ച്ചൂതു തൺപകം പിച്ചു കേതകി
അശോകാർജ്ജുനപുന്നാഗ(?) വം(ശ്രീശ) കിംശുകപാദമൈപെഃ
27

ഇരണ്ടുപാട്ടമിവ്വണ്ണം തിരണ്ടു പല കണ്ടുപോയ്,
അഗസ്ത്യകുണ്ഡ.... ഗസ്ത്യേനൈവ നിർമ്മിതം, 28

---

"കാനി തീർത്ഥാനി സന്തീഹ പുണ്യദാനി സദാ നൃണാം
ഭേവർഷിപിതൃജുഷ്ടാനി താനി നോ വദ വിസ്തരാൽ.
ശ്രീസൂത ഉവാച—
ദ്വാസപ്തതിർഹി തീർത്ഥാനി പുണ്യദാനി ശരീരിണാം,
യേഷു സ്നാനേന മുക്താഃ സ്യുർന്നരാഃ സർവ്വാഘസഞ്ചയാൽ.
ആദ്യം തു മത്സ്യതീർത്ഥം സ്യാൽ"—— (വശം-69)
ഇത്യാദിഭാഗം നോക്കുക. ഈ കണക്കിൻപ്രകാരമുള്ള ദ്വാസപ്തതി

അതിൽ കുളിച്ചു തൎപ്പിച്ചാൽ പിതൃക്കൾക്കുണ്ടാമുത്സവം.
ഈശാനമണ്ഡപത്തിങ്കൽ വേശ്യും വാണിയർ വാണിയം; 29

കേൾക്കലാ......ക്രം തരികെങ്കയും,
നമ്പൊൻകൊണ്ടതു ചെമ്പെൻറു നമ്പിയെത്തടയിൻറതും; 30

അടയ്ക്കാകൊണ്ടു നി തന്ന കട്ടക്കാ * ചമ...ൻകയും,
പത്തെട്ടു......ഴിയെടുക്കയും, 31

നെല്ലിന്നരിചി താവെൻറു വൊല്ലിച്ചിലരഴയ്ക്കുയും;
തേങ്ങാ താ വെററിലയ്ക്കൻറും മാങ്ങാ തരുവനെൻകയും; 32

..................യൻറിട്ടു കത്തികൈയ്യെർ അഴൈക്കയും;
കണ്ടുകേട്ടുഴറിപ്പാനാൽ കണ്ടതീൎത്ഥം വണങ്ങലാം; 33

വാ(ര?ര)ണം തീൎത്ഥമുണ്ടപ്പാൻ മാരുതം ശ്രുചമും ത(ഥാ);
...മധുരാം പ്രാപ്യനന്ദരം തൊഴുതാൽ പുനഃ. 34

ശ്രീപാദതീൎത്ഥമാടിപ്പായ് ശ്രീതീൎത്ഥം പ്രാപ്യ കാണലാം
ശ്രീകണ്ഠേശപാമെൻറുള്ള..ൎത്ഥം സമനന്തരം. 35

കമ്പിടാമരനെച്ചെൻറു തമ്പുരാ (നെ?നെ)പ്പുരാരിയെ,
ആറുമമ്പിളിയും മൂടി നീറുപൂശിന മാരനെ. 36

---

(7?) തീൎത്ഥങ്ങളും ഈ കൃതിയിലും സ്മരിക്കപ്പെട്ടിട്ടില്ല. ഇതിൽ അഗ്നി തീൎത്ഥാദിയായിട്ടാണു് വൎണ്ണനം കാണപ്പെടുന്നതെന്നും, 'മാഹാത്മ്യ'ത്തിൽ മത്സ്യ തീൎത്ഥാദിയായിട്ടാണെന്നും ഒരു വ്യത്യാസവും ശ്രദ്ധേയമായിരിക്കുന്നു.

* ചമ...... യും=സമമെന്നു പറയുകയും.

മാനും മഴുവുമേന്തിന്റ ജ്ഞാനമൂർത്തിയെ മുക്തിയെ
പുണ്ഡരീകതപഃതാൽപോക്കും ചണ്ഡേശ്വരനെ വിശ്വനെ; 37

ദക്ഷയജ്ഞം കെട്ടഴിപ്പോനാം യക്ഷാധിപതിതോഴനെ,
ശര(ര)ണന്റവൈഷ്ണവർക്കെല്ലാം മരണാപായദർശിയെ; 38

രുദ്രനെത്തൊഴുതാൽ പിന്നെ രുദ്രതീർത്ഥമുമാടലാം.
സോമതീർത്ഥമതിക്രമ്യ രാമതീർത്ഥം കഴിഞ്ഞുപോയ്; 39

അനന്തതീർത്ഥമാടാമങ്ങനന്തേനൈവ നിർമ്മിതം;
പാപവല്ലമാടിനാൽ പിന്നെ രാവണശ്രേണി[13] കാണലാം; 40

ഗന്ധർവ്വനഗരാകാരം സിന്ധുസാഗരനിസ്വനം(?)
അളകാപുരിയോടൊത്ത വളന്റ പൊലിയിന്റോടം; 41

യത്ര വിൽക്കിന്റ വസ്തുക്കൾ തത്ര തത്ര സമാകുലം,
കാണലാം തെരുവത്തെങ്ങും വാണിയം പല ജാതിയും; 42

തൂയ പൊന്നുമടൈക്കായും കായമും നെയ്യുമീയവും;
ചെമ്പിരുമ്പു കരുമ്പമ്പു കമ്പി കമ്പു കരുമ്പടം; 43

കട്ടിൽ വട്ടി കലൈപ്പട്ടു ചട്ടി വട്ടക മട്ടകം,
പൊത്തകം മുത്തു പത്തങ്ങൾ കത്തി കസ്തൂരി പത്തിരം; 44

---

13. 'രാവണശ്രേണി' എന്നു തന്നെയാണു സുസ്പഷ്ടമായി ഗ്രന്ഥത്തിൽ കിടക്കുന്നതു്. അതു് 'ആപണ'മെന്ന സംസ്കൃതശബ്ദത്തിന്റെ വികൃതിയാണെന്നും, ആവണ എന്നു് ഇപ്പോഴും പറയപ്പെട്ടുവരുന്നുണ്ടെന്നും, അതു തന്നെ 'രാവണ' എന്നെഴുതപ്പെട്ടുപോയിരിക്കാമെന്നും ചില പണ്ഡിതന്മാർ കരുതുന്നു.

ഉള്ളിയെൻറുള്ളി. ചോളം വെള്ളി വെള്ളരി വെള്ളകിൽ
ചാണ തുണി കണ(ാ)യെണ്ണ വീണ വീണിയ കോണിയ; 45

ചക്ക ചുക്ക ചവക്കാരം[14] ചിക്ക ചിക്കിരമുക്കിരം;
ചേല പാലി...ചോല ചീല പാലിയ മാലയും; 46

ഇപ്പി[15] കുപ്പി തലൈത്തൊപ്പി അപ്പമുപ്പു നെരിപ്പട
അണ്ടി പിണ്ടി പടന്തുണ്ടം കിണ്ടി[16] കണ്ടിക തണ്ടിക; 47

കാരയും താരിയും[17] താരും ചീരകം ചീര കോരിയ;
അഞ്ചനം മഞ്ച[18] മഞ്ചട്ടി ഇഞ്ചിയും മാഞ്ചി മഞ്ചണ 48

കാറ[19] വാളറ പൈയ്ക്കറ ക്രൂറ......
......കെട്ടും മടിച്ചെട്ടുത്തുളെപ്പടം 49

അമ്പഴങ്ങാ കരുഞ്ചേമ്പു കമ്പളെങ്ങാ കുഴിപ്പരൽ;
മോതിരം തകരം ചൂതു ചതുരങ്ങമരങ്ങറ; 50

......ടക... ........ ഴെപ്പുഴമിലെപ്പുറ;
മുറം കുരണി നാരായം പറ നാഴിയിടങ്ങഴി: 51

കയറും തയിരും മോരും പയറും നാരകപ്പഴം;
ഉപ്പുമാമ്പഴചീവേപ്പ...മുരപ്പലി തിപ്പലി: 52

---

14 ഈ രണ്ടുപദങ്ങളും ദ്രവ്യനാമങ്ങളായിട്ട നിഘണ്ടുവിൽ കാണ്മാനില്ല.

15 ഇപ്പി=ചിപ്പി.

16 ഇങ്ങനെയും ശബ്ദം നിഘണ്ടുവിലില്ല.

17 താരി-താളമായിരിക്കാം. 'വായ്ത്താരി'യിൽ ആ അർത്ഥം പ്രചരിക്കുന്നുണ്ടല്ലോ.

18 മഞ്ച=ഭണ്ഡാരം (നിക്ഷേപപാത്രം.)

19 കാറ=ഒരുതരം കണ്ഠാഭരണം.

20
ചെരിപ്പു മലർ കയ്പക്കാ ചരക്കരുളി കമ്പിളി,
പരമ്പു തുമ്പാ കോതമ്പം പിരമ്പണി കൈപ്പുരം; 53

...മി കമ്മട്ടി പെട്ടി കൊട്ടി കടുന്തുടി,
മാലയും ചാന്തു കർപ്പൂരം തൈലനത്തെണ്ണ പല്ലില; 54

മന്തി നന്തുണ്ണിയമ്മാന പന്തു മുന്തിരി കൈപ്പഴം;
പുഴവിൻനെയ് പഴം പെ... റു തുവർ ചിക്കര ; 55

ചൂരൽപ്പായും കിളിക്കൂട്ടം ഗോരോചന മദനോവെല
കമ്പായു കടലൈച്ചക്കായും കൊമ്പെണ്ണ കുഴിയൻചുമിഴ്; 56

പരുത്തിയിത്തിളമ്മി... ... ...രപ്പിണ്ണാക്ക കങ്കുമം;
മിളകാ പുളിയന്താളും വളയും നാളികേരമും; 57

നീലക്കല്ലും പുലിത്തോലും തൊലിയും ശംഖു വൈരമും;
വില്ലും കളിരി ... ... . മുലക്കയും 58

ഉഷ്ണീഷമും കലൈക്കൊമ്പും കൃഷ്ണാ(ഞ്ജ?ജി)നമുറപ്പയും;
വരിയും ചെമ്പിറാക്കൊട്ടി പകരും പ(ഞ്ഞെ?ഞ്ഞി) പി. . 59

. ... ... ക മാണിക്കമണികാ ചുമിഴ്;
തൊങ്ങരം വിളക്കു മേൽക്കെട്ടി മാണിക്കമെയ്മോതകം; 60

പുൽവട്ടിയും മുരലൈക്കച്ചും വൻവട്ടി പെരുന്തേൻകുടം;
കാഞ്ചനപ്പട്ടു കൊമ്പെണ്ണ പമ്പരം പരുന്തൽ തുവർ; 61

വീരപാളി നരാവോട്ടു തോരയും പൈപ്പ സൂചിയും,
അരുവാൾ ചുരിക(ം)യും വേൽകരവാളും ച കാര (ക?കി)ൽ. 62

---

20 ഇവിടെ പറയപ്പെട്ടിട്ടുള്ള പല സാധനങ്ങളും അപ്രസിദ്ധങ്ങളാണെന്നു് ഇന്നു്. പലതും രൂപാന്തരം പ്രാപിച്ചിരിക്കയാണെന്നും വരാം. ഇതിലെ രൂപങ്ങൾ നിഘണ്ടുക്കളിലും സ്വീകരിക്കപ്പെട്ടു കാണ്മാനില്ല. പിരമ്പണി, കൈപ്പുരം, തൈലനത്തെണ്ണ, കൈപ്പഴം മുതലായവ അക്കൂട്ടത്തിൽ പെട്ടവയാകുന്നു.

അരക്കം ചാലിയം നീലം മുരുകൽപ്പാന പാലരി;
പൂംകച്ചും പൊത്തിമാന്നാടൻ കാംകൻ[21] തലത്തുവത്തിയും, 62

പട്ടുനൂൽ പഞ്ചാരം ചട്ട ചട്ടിരുമ്പുളി പട്ടളി,
മരുന്നു വില്പുവും കാണാമിരുന്നു ചില വാണിയർ. 63

കലവാണിയർ വില്ക്കിൻറ താലം തളിക കിണ്ണമും
ദന്തങ്ങളാൽച്ചമയ്ക്കിൻറതെന്തു ചൊല്ലുവതല്ല ഞാൻ. 64

ചൂതു ചുന്തരി[22] തോൽപന്തി ചകലങ്ങൾ മുലൈക്കിളി;
കവറും കുന്തുകട്ടിൽക്കാലതിന്നെഴുകയും ചുമിഴ്; 65

ചുഴററിക്കോൽ തമ്മെഴത്തണ്ടും കുടത്തണ്ടേവമാദിഭിഃ
ചെറുപിള്ളർ കളിക്കിൻറ കുറുന്തെരുവിൽ വാണിയം. 66

ഓണവില്‍ ചെറുചിററാട തുണം പിഞ്ഞാണ വട്ടക
കവട്ടക്കൽ ചെറുകല്ലും ചോളാ(വട്ടിയൊ?വട്ട്യോ)ട്ട ചട്ടമും. 67

കഴച്ചിക്കൽ നരിക്കല്ലും തുടിയെന്റേവമാദിഭിഃ
നാനാജാതികൾ കണ്ടപ്പാൽ[3] ആനയച്ചോരു വീതിയിൽ; 68

ശ്രീകാളൻ കലശൻ ശംഖൻ ശ്രീമാൻ പഴയ കാളയും,
ശ്രീധരൻ തിനയൻ മുള്ളൻ ശ്രീകണ്ഠൻ ചിരിചക്കിയും 69

വില്ലൻ വിലംങ്ങൻ വിറയൻ മല്ലനും തിരുമാമല
സന്തോഷനമൃതൻ ശൃംഗിലതയൻ മന്നിയടപിജൻ; 70

മുത്തിൻകുടയനും കീർത്തികത്തിയൻ മുതൽമാമല,

---

21 'കാങ്കി'-കറുത്തതരം വസ്ത്രവിശേഷമെന്ന് ഗുണ്ടർട്ട് രേഖപ്പെടുത്തീട്ടുണ്ട്.

22 ഈ പദങ്ങൾ 4-ം ഗ്രന്ഥത്തിൽ കാണുന്നില്ല. 'ചുന്തരി'-സുന്ദരി [പാവ] ആയിരിക്കാം.

23 'അപ്പാൽ'=അപ്പുറത്ത്.

165097
38089
Q22:38(CA1
32J3
UNIVERSITY LIBRARY

കിരികോടംങ്ങൾ പോയന്ത്യമീരന്ത്യം കാശ്ശുഭാഗമും; 71

കട്ടിപ്പൊന്നും പണിപ്പൊന്നും എട്ടോ പാതി പന്നന്ത്രമും;
പൊൻവാണിയരിരിക്കിൻറ തെരുവിൽ കേൾക്കലാം പുനഃ 72

"അംകെട്ടിവെടാ താക്കോൽ താ തുറന്നി(ജെണ്ടെ?ങ്ങെ)ട കട്ടള
ഉരക്കല്ലിട, പൊൻതൂക്ക തുലാസ്സി (ജെണ്ടെ?ങ്ങെ)ട ക(ഴി?ഴ")
ഞ്ഞുകൾ 73

ഇത (മ)ല്ലാറ കാണക്കൽ അടുങ്ങിച്ചീലയിൽപ്പുനഃ
പകന്റ തൂക്കിനാൽ കൻറിഇടഃപാരാ ചിലാകയും. 74

കറുത്തവെള്ളിയാൽ കോള്ളേ ചെറുത്താല്യമതിന്നു നീ;
പതിനാററയാമാ (റു?ർ)പൊന്നര കണ്ടാലറിഞ്ഞുകൊൾ. 75

മുതൽക്കഴക്കതൊന്റേററ നിറപ്പിഴയുമുണ്ടതാൻ;
വഴവൽകററമിയെയാമഴക്കെന്നാരതീരടി(?). 76

മുറിച്ചു നോക്കിയേ കൊൾക മോതിരം പലവാകിലും;
കണക്ക പോരാവുന്നിന്നു പണിക്കക്കു വിയം കൊട്ടു. 77

ക്രുററവാണിയമെഃന്നാട്ട തോമററാൻറല്ല നിനക്കിതു;
അംകെട്ടി വൈ(സ്യ)പൂട്ടാതെ പറയട്ടൊരു വാണിയം. 78

അകിൽ നൊയ്യ്ലാൾകിൽ നിന്നോട്ട പകൽ പോരാ പിണ
ങ്ങുവാൻ
......ട്ടിലിട്ട വിയം വായ്പ വീട്ടിപ്പോമിവള്ളുള്ളനാം. 79

വിരുന്നുണ്ടിന്നു ഞാൻ ചെൽകിലൊരുത്തരവരും വരിൽ
കാണിക്ക പയറുന്നെ(യു?യ്യു) മൂ(ൻറി?ണിൻറ)ഴകതാക്ക
വാൻ." 80

24
എവ്വം ബഹുവിധം പേശ്ശും വാണിയം കണ്ടുകേട്ടുപോയ്

---

24 ഇതുവരെ 'പൊൻവാണിയ'ക്കാരുടെ സംഭാഷണമാ—
ണെന്നു വിചാരിയ്ക്കാം.

മീൻവിൽക്കും തെരുവുണ്ടപ്പോൾ ഞാൻ പേരറിയ വല്ലകിൽ. 81

വരാലും വാളയും കൊഞ്ചും പരൽമീനെട്ട വാകയും
മത്തി കോലാ കുഴമ്പാട പൊത്തിയാം കൊഴമീനിതു. 82

ഞെരിമീൻ തെരിമീൻ ചെമ്മീൻ കരുമീനൊട്ട കാരിയും
പു(രി)മീൻ കട്ടമീൻ പൊത്തു പുഴാനൊട്ട പുറാച്ചിയും. 83

തിറണ്ടി പരൽ വാകോരി ചുറാ കൈയല കററില
മണങ്ങ ക്രുക്കിൽ ചെമ്പഴ്നാം മീനാ......ലി മൂരൽമീൻ. 84

തിറണ്ടി ഞെരിമീൻ ചെമ്മീൻ പുഴ്മീൻ തുവടിയുപ്പുമീൻ
അട്ടവും കട്ടവും മുയ്യും മണങ്ങും പാണ്ടവാകയും. 85

കരുമീൻ കുഴൽ വാളയെരി കഴിമീൻ മഞ്ഞളട്ടയും[25]
കല്ലേക്കാടൻ കളയൻ വാരി വള്ളൂരൻ കതിരം കിരി, 86

പരൽക്ക പത്തനെൽ കെ (ാ)ള്ളേൻ, വാഴക്കൊയ്യു വരാൽതരാം
ചോളന്തരിക വാളെക്ക, കോള്ളപ്പ പുഴമീനിതു. 87

കട്ടങ്ങാലിക്ക പുന്നൊൽകൊള്ളിടങ്ങഴിയെട്ടത്തള;
ചരക്കിന്നരി താരേൻ ഞാൻ വരകിന്നൊരു മീങ്കൊട്ട. 88

വിളക്കിൻനെയ്യു തേങ്ങാ കൊടം കളിക്കൊട്ടെയുവപ്പു ഞാൻ;
ഇന്നാളൊരുവിരലെക്കണ്ട ചെമ്മീൻ നീ കൊണ്ടുപോയിതു. 89

ചതിയാരുമറിഞ്ഞല്ല തിരണ്ടാ (ൽ?ലു) കൊട്ടത്തിതു;
തരുവാനേതുമില്ലായ്കിൽ വലതാനും വലിപ്പിതു. 90

മുൻകൈമൽ കൊള്ളിയാർ വച്ചെന്നൻ കൈകൊണ്ട
കൊടേനിനി;
അയത്തു മീങ്കൊട്ടത്തെന്നെ കയപ്പാനവനാവിതു. 91

എൻമുന്നിൽ വരുവോനാകിൽ ചെമ്മുണ്ടവനിരുന്നവ,
ഓണം കൊടുപ്പാൻ ചെന്റെന്നെ നാണപ്പാടാക്കിവിട്ടിതു. 92

---

25 ഇതുവരെയുള്ള പദ്യങ്ങളിൽ മത്സ്യങ്ങളുടെ തരഭേദം പറയുന്നു; മത്സ്യക്കച്ചവടക്കാരുടെ സംഭാഷണമാണ്, അടുത്ത ഏതാനും പദ്യങ്ങളിലെ വിഷയം.

അയ്യേ വ (ര?)ൊല്ലായെൻവീട്ടിൽ തെയ്വമ്മാട്ടുണ്ടു നിൻചം.
അയ്യർച്ചേ! ക്രുഴ് പറെയാതേ നിൻ ചാർ (ച്ചെ?ച്ചയെ)
തീയിലിട്ടുവൈ. 93

തമ്പൂഴങ്ങും കലത്തോടേ മീൻതിന്മോൾ പണ്ടുമങ്ങിനെ
നീങ്കടിപ്പുലെയാട്ടെല്ലാമെൻകുടിക്കുമിയക്കുമോ? 94

കാക്കക്കെരക്കമരൻ നിമ്മന്നെ നോക്കി നീ ഞെളിയിൻറതു;
അള്ളുക്കപോലെ പല്ലെൻറു വിളക്കെനതോളിവൾ? 95

അരിപ്പതെമ്മന്നക്കൊണ്ടല്ല കരിപ്പോരാരു (മി) ല്ലയോ?
കഴതെച്ചെറുമീ നീയെന്തുഴറിപ്പറയിൻറിതു? 96

[26]
കറളെക്കുലിയെന്തിൻറു മറുതായേ കിടൈച്ചിതു
മടിയാളിവളെന്നോടു പടവാത്തെക്ക തന്നനം. 97

തലയും മുലെയുന്തുള്ളത്തമ്മെത്താമു മറന്നുടൻ
മിന്മ്പും പിന്മ്പും തഥാ കൈയും മെയ്യും കാട്ടിപ്പകൻറുടൻ. 98

കലൻറു പേശി മീൻവിൽക്കും ചെറുമിക്കൂട്ടമുംകൊച്ചിൽ.
ഏവമാദിഭിരാചീർണ്ണം ആവൃതം പരദേശികൾ. 99

തുലിംഗരും മാണ്ഡുകരും കലിംഗ്രോടിഹ ചോനകർ
ഗൌഡരും പാണ്ടിനാടന്മാർ കടയാരിയർ ചോഴിയർ. 100

അക്കണക്കേ മഹാലോകർ തിങ്ങിയെങ്ങും നിറൈഞ്ഞിതു.
[27]
(വിസ്മയം?) മരക്കലത്തിന്മേൽ വന്നചരക്ക പലജാതിയും. 101
ഏടുത്തു പപ്പരക്കെയർ നടപ്പതൊരു വീഥിയിൽ;

---

26 ഈ പദ്യംവരെ ആണ് മത്സ്യവില്പനക്കാരുടെ സംഭാഷണം തുടരുന്നതു്.

27 മരക്കലം=സമുദ്രയാത്രയ്ക്കു് പണ്ടുള്ള വാഹനം.

28
ആടടിച്ചു വരുന്നോര (മ്മ?)ഞ്ചൊടിഴെപ്പുതൊരുത്തിയിൽ. 102

കേട്ടോം വാണിയമെൻറുള്ള ചെട്ടിമാരൊരു വീതിയിൽ;
കൈചൂണ്ടിച്ചെറുമീവർഗ്ഗം വൈയിൻറതൊരു വീതിയിൽ; 103

അങ്ങിനേ പലവും കണ്ടു പങ്ങുണ്ടാം തെക്ക പോയിനാൽ.
ഈശാനതീർത്ഥമാടാമങ്ങീശാന(ദ?ദി)ശയിൽ പുനഃ 104

തസ്മിൻ കുളിച്ചു തപ്പിച്ചാൽ വിസ്മയം പലവും വരും.
ഈദൃശം പലവാടിപ്പോയാദരാൽ പതിതം യഥാ. 105
29
കാന്തിയുഞ്ചെൽവമും മിക്ക കാന്തള്ളൂർച്ചാല കാണലാം.
മൂൻറു കോയിലുമെൻമുന്നിൽ തോൻറും തത്ര മഠങ്ങളും. 106

ബ്രഹ്മനും പുകഴക്കെല്ലാൻ ബ്രഹ്മലോകസ്യ സംപദാ.
ചിന്തിക്കിലും ജളൻ പിന്നെ എന്തു ചൊല്ലുവതല്ല ഞാൻ. 107

അത്തിറന്നില്ലം പിച്ചുയ്ക്കു നിത്യം പോരിൻറാ ദേവനെ.
ഇപ്പാൽ നിൻറു വണങ്ങിട്ടു ല്പാ...ാട്ടു കാണലാം. 108

നല്ല തീർത്ഥങ്ങളാൻറാൻെറ മെല്ലച്ചെൻറവയാടിനാൽ
കിഴക്കിൻ ഗോപുരം നോക്കിത്തൊഴലാം വിശ്വമൂർത്തിയെ. 109

പിറകും പോയ്ക്കു (ടി?ട)ന്നത്തിട്ടു പറക്കും ഗരുഡോപമം
പൂർവ്വദ്വാരമകം പുക്കാൽ പൂർവം കാണാം മഹാദ് ധ്വജം; 110

ആമയും ഗജമും കൊണ്ടു പോർ മുദാകന്റെനിൻറവൻ
30
വഹിക്കും പക്ഷിണോ രാജൻ അഹിതങ്ങൾക്കൊരന്തകൻ; 111
31
വിനതയ്ക്കുൻറു തന്മേൽ പുക്കനെവാനമിരിപ്പവൻ;

---

28 ഒരുത്തിയിൽ = ഒരു ദിക്കിൽ.
29 കാന്തള്ളൂർച്ചാല, ഇന്നത്തേ ചാലയിൽ ക്ഷേത്രമാണു് എന്നറിയുന്നു. ഇതിനേപ്പററി വളരെപ്പഴക്കമുള്ള ശിലാശാസനാദികൾ ഉണ്ടു്. തിരുവിതാംകൂർ ആർക്കിയാളജിക്കൽ സീരീസ് നോക്കുക.
30 പാമ്പുവർഗ്ഗത്തിനു് എന്നും, അനിഷ്ടങ്ങൾക്കു് എന്നും ഇവിടെ അർത്ഥമെടുക്കാം.
31 അനാഗമനം = അമൃതവാഹനം (അമൃതകലശഹസ്തൻ.)

അതു കൈതൊഴുതാൽപ്പിന്നെയുടനേ ചെൻറു ഭദ്രമായ്, 112

കൂടി ശ്രീബലി സേവിച്ചാൽ ഓടിപ്പോയർഘ്യസംഗമം

കളിർപ്പു പെരുകീതപ്പോഴ് കളിച്ചാദരമായ്ത്തവ; 113

ആനയും കോഴിയും ചെമ്പാൽപ്പാനയും തോകമാമയിൽ,
32
ചെപ്പുകണ്ണാടിയും വില്ലമമ്പുകെട്ടുടവാൾ കുടം; 114

വട്ട ചാമര വെൺകറെറക്കുട ചിന്നങ്ങളും തഴ;

വിതാനമുയരത്തെങ്ങും മതിയായ്കൊട്ട വല്ലവോർ. 115

ഞെറിയൽച്ചുററുമായ്വന്നു പറയും പൂണ്ടു വിച്ചയായ്

കടൽപോലെ ഞെടീനെന്നത്തുടിയും പടഹങ്ങളും; 116

കാളം ബഹുവിധം ചിന്നം താളം തിമില ശംഖമും
33
ഒൻറാൻേറ കമിറിപ്പൊങ്ങിനിൻറിയുംപുമൊരുത്തിരി; 117

വാസ്തുദീപങ്ങൾ കൈക്കൊണ്ടു വിസ്തരിച്ചതിഭദ്രമായ്

തേവ...മി...ാകിൻറ ദേവസ്ത്രീകളൊരുത്തിരി; 118

ഒരു പാടങ്ങു സ(ം)ന്യാസിയൊരുപാടങ്ങു യോഗികൾ;

കുടമാടിയിരിപ്പോരും നടമാടിൻറ ഭക്തരും. 119

ഹംസ(രും) പരഹംസന്മാർ സംസാരാർത്ഥത്രിദണ്ഡികൾ,

കിടന്നു പുരളിൻേറാരും, നടന്നു ചുഴലിൻറവർ; 120

വന്ദിച്ചുണ്ണയെ നില്പോരും, നിന്ദിച്ചേററു പോമവർ;

ഗജവാജിഭിരാകീർണ്ണം വിവിധൈരുപശോഭിതം; 121

---

32 ഇതു് ഒററപ്പദമായും, രണ്ടുപദമായും ഗ്രഹിയ്ക്കാം [ചെപ്പും കണ്ണാടിയും ].

33 ഒരു സ്ഥലത്തു്.

34
വേണാടർവരവും പിന്നെക്കാണലാമഗ്നിമണ്ഡപേ.
സ(ാ)മവേദങ്ങളും കേട്ട പോയ് മഹാദേവപുത്രനെ; 122

ഐയനെ ഭക്തകൾക്കെല്ലാം മെയ്യനെപ്പോയ പേയനെ;
35
തേജസ്സു പെരുതായ്പണ്ടു വാജിരൂപേണ സംജ്ഞയിൽ 123

ഭാനുമാലി പിറപ്പിച്ച കാനൽവാഴിയെ വാഴ്വെ;
ജനിച്ച പാർവ്വതീനാഥൻതന്നെക്കിനിയ പുത്രനെ. 124

തേരെട്ടത്തംബരേ പോരുമൂരഗങ്ങളുവ(യട്ടിലിം?യ്റെറിലും)
ബലമുള്ളതു ചെൻറനേ ബലാൽ കൊണ്ടോരു വീര്യനെ. 125

അ......ശ്രുപ്പക നൈ...ാട്ട നിൻറ പെണ്കോലമത്ഭുതം
കണ്ടൻ കണ്ടു ജനിപ്പിച്ച പുണ്ഡരീകാക്ഷപുത്രനെ. 126

നായാടവല്ലഞ്ചേകോനെക്കായാംപൂമേനിവർണ്ണനെ,
36
തന്നെത്തൊഴുതുപോ(ാ)ന്നോരം പിന്നെ മുന്നിലിടത്തടം; 127

കോട്ടകാരമതും കണ്ടാലിഷ്ടമാമ്പാടി കാണലാം;
വളന്ന പശുവിൻ പിമ്പേ കളിച്ച ചില കാളമാർ 128

ഏറിഞ്ഞു തമ്മിലേ കുത്തിത്തുറന്നു ചിതറിന്റേടം;
പാലുമുണ്ടു കളിച്ചിട്ടു വാല്യമെത്തോരു വീതിയിൽ; 129

പിള്ളയെക്കൊണ്ട പല്ലാ(ജ്ഞെ?ഞ്ഞ) തള്ള നിൻറുഴലിന്റേടം,
ഗോക്കളെ മേയ്ക്കുഞ്ചെറു(റ?)ക്കൻ വന്നാക്കമ്മീക്കമെരിന്റേടം,
130

---

34 വേണാട്ടടികൾ [അന്നത്തെ മഹാരാജാവ്].

35 ഈ ഉൽപത്തിപ്രകാരം വൈദികമായിരിയ്ക്കുമെന്നു തോന്നുന്നു ഏതായാലും, അത്ര പ്രസിദ്ധമാണെന്നു തോന്നുന്നില്ല.

36 ഇതുവരെ അയ്യപ്പനെപ്പററിത്തന്നെ പറഞ്ഞിരിക്കുന്നു.

37
പടി വച്ചിട്ട വാരം പുക്കടനേ ചെൻറു നിൽപ്പവർ;
ചർച്ചിക്ക നമ്മിലെന്നോരും ചർച്ചിക്കപ്പെട്ടപോമവർ; 131

ചേണിത്തൊഴുതു പോന്നേരമന്നയത്തഗ്രശാലയിൽ
ഉണ്ണിന്നു ചെൻറു നിൽപ്പോരും, നാണിപ്പോകിൻറ ലോകരും; 132

അടപ്പുകൂട്ടീതെന്നോരും എടുക്കിൽക്കെട്ടതെമ്പവർ;
38
കമ്പം പിഴച്ചതെന്നോരും, മുമ്പിൽ ചൊല്ലീട്ട കേവലം; 133

പരിഗ്രഹിക്കയെന്നോരും, പ്രതിഗ്രഹമിതെമ്പവർ;
വേദവി(ക്രി?ക്രയ)മാകാതെൻറോദ...ർഘമിടിൻറവർ; 134

പിഴ്ക്കുംവാരമഴപ്പോരും പിഴക്കവൊ(രുമൊ?രൊ)ഴിപ്പവർ,
ഒരു നേരമിതെല്ലാം കണ്ടുടനേ വേദവാദികൾ. 135

രുപോൻ പലഞ്ജ...ാവൈവയ്യുഞ്ജ പിച്ച ചിലർ തമ്മിലെ
39
വെടിത്തിടഞ്ഞു കൂടിൻറ കിടൈഭ്യരൊരു വീതിയിൽ; 136

കണ്ടു വേദിയരെല്ലാരുമുണ്ടുദാരിച്ച ഭദ്രമായ്
ദ്ധസ്സും പറഞ്ഞിട്ടന്യോന്യം മുസ്സോളിപ്പതൊരുത്തിരി. 137

ഊണും കണ്ടുഴറീപ്പോനാൽ കാണചാം വാതിൽമാടമ്പ,
ചാത്രരുണ്ടതിലേ തത്ര ഒത്തിരിക്കിൻറ ഭട്ടകൾ. 138

ഹംസരും പരഹംസന്മാർ സംസാരാർത്ഥത്രിദണ്ഡികൾ
സിദ്ധരും മുക്തരും മററും ഭക്തരും (നിത്തി?നുത്ത)മാളികൾ. 139

---

37 ക്ഷേത്രങ്ങളിൽ വാരമിരിക്കുക എന്നൊരേർപ്പാടുണ്ടല്ലോ. അതിന് ചെറിയ കല്ലുകൾ എടുത്ത് ഒരു വ്യവസ്ഥയനുസരിച്ച് 'പട്ടുക' എന്നൊരു നിയമമുണ്ട്. 'പടി വച്ചിട്ട വാരം പൂകുക'—എന്നാൽ മേൽ പറഞ്ഞ ക്രിയയായിരിയ്ക്കാമെന്നു തോന്നുന്നു.

38 കമ്പം, പരിഗ്രഹം മുതലായവ വേദോച്ചാരണകാര്യങ്ങളാണ്. പിഴ്ക്കുക, പിഴയ്ക്കുക—മുതലായവ തെററായ വേദോച്ചാരണത്തെ കുറിക്കുന്ന ശബ്ദങ്ങളാണ്.

39 അപട്ടക്കളും അലസന്മാരുമായവരെക്കുറിക്കുന്ന പദം.

എല്ലാരെയും നമസ്കൃത്യ മെല്ലപ്പോയ് മററു മണ്ഡപേ
അകത്തുപോയി നാലഗ്രേ മുഖമണ്ഡപവേനി. 140

ആനപാടിക്കൂട്ടനെക്കാണാമൊംപികണ്ടോരെട്ടക്കവ്യം
മടിയിൽ വച്ചിട്ടിരിപ്പോരും കിടക്കക്കൊണ്ടുനോക്കുവോർ. 141

തട്ടിക്കൊണ്ടീട്ടിരിപ്പോരും കട്ടനെത്തരികെമ്പവർ
ഏവംവിധമിരിക്കിൻറ ദേവകീനന്ദനാ വ്ള. 142

വന്ദിച്ചുപോയ് വലംചെയ്തു ചന്ദനസ്തംഭമണ്ഡപ
...ഞ്ഞുഭാരതം കേട്ടു ചുഴന്റെ നിൻറ പണ്ഡിതാം. 143

ആസാദ്യ തൊഴുതാൽ പിന്നെ വ്യാസഃകാണന്നു കാണലാം
ഇതിഹാസപുരാണങ്ങൾ മററും പലവു ജാതിയും. 144

വന്ദിച്ചുവന്നു പിന്നെപ്പോയ് മണ്ഡപങ്ങളോരോൻറിലേ
മഹാലോകരെയുമ്മാറും മഹേന്ദ്രപുരസന്നിധൌ. 145

സുവർണ്ണഭൂഷിതം ദിവ്യം തവശ്രീകോയിൽ കാണലാം
വായുമാർഗ്ഗമതിക്രമ്യ പോയുയന്നതൊരഗ്രിയം. 146

തിരുമേനിതൊഴുന്നേരം ഒരുപാടങ്ങുതന്ത്രികൾ
പൂജിച്ചു ബലിയും തൂകി പൂജയെൻറുള്ള പൂണ്മയാൽ. 147

പിഴയാതെ ചൊല്ലിട്ടുമുഴറാതെ യഥാക്രമം
സ്നാനമാഭരണം വസ്ത്രം ചോനകംനൻറുമിപ്പടി. 148

ഒൻറാര...ടിയുന്നേരം മൂൻറു വാതില്വമൊക്കവേ
തുറക്കുന്നേരമെല്ലാരുമിറഞ്ചിസ്തുതിചെയ്തുടൻ 149

കിരീടമകുടം ഹാരം സ്ഫുരൽകൌസ്തുഭമുത്തമം
അംകദം കംകണം കണ്ടേ കണ്ഠഞാൺ കടിസൂത്രമും, 150

പീതമായിന വെൺക്കുറ ആദിയാഭരണങ്ങളും
പത്മം പഴിക്കും ശ്രീപാദം വിസ്മയം കൈയ്തുമൊട്ടുപോൽ.

കണ്ണെക്കാൽചേർപ്പുജാനുക്കളിണെക്കരികരുത്തുട
കടഞ്ഞശിലപോൽ മദ്ധ്യം നടുവത്തൊരു വേതിപോൽ; 152

നാരാനാഥസ്യ ലക്ഷ്മംപോൽ ശ്രീവത്സമുരസിസ്ഥിതാം
സമുദ്രേ തിരപോലേ--ഭ്രമിക്കും ഭുജഗാനനം. 153

കപാഠമി-ധുനം പക്ഷ്മം ഗ്രീവമെൻറുമൊരാകൃതി
ദർപ്പണം നിൽകപോലെങ്ങമെൽപൂവ്വ തവനാസികേ; 154

പലമുത്തു*വെൺപല്ലും കോവച്ചെപ്പംകനിവായ്മലർ
ചെന്താമരമലർക്കണ്ണും ചന്ദ്രക്കീററാത്തനെററിയും; 155

തിമിരത്തെപ്പൊരുംകേശം അമരും വനമാലയും
ചന്ദ്രാദിത്യകൾ നേത്രങ്ങൾ ഇന്ദ്രാദ്യമരസേവിതം; 156

വിളങ്ങിനിൻറതിന്മേനി തെളിഞ്ഞോറം വളന്നഹോ!
സഹസ്ര ഫണസംശോഭിരഹിരാജാവനന്തനെ 157

കിടക്കയായ് വിരിച്ചിട്ടു കിടന്നരുളുമണ്ണലേ
ചുഴൻറുദേവതാവർഗ്ഗം തൊഴുതേതി എറഞ്ചവും 158

കണ്ടുകൈതൊഴുതാല്പിന്നെ യിന്ദ്രലെല്ലാമകൻറുപോം
പഞ്ചേന്ദ്രിയങ്ങളെൻറുള്ളവഞ്ചമൊൻറാക പൊൻറിനാൽ 159

പരമാത്മാവിനെധ്യാനം പരമം തത്വമൂർത്തിയെ
നി*ഷ്ക്കളൺവരിൻേറൻ ഞാൻ ചൊന്നെന്നെ പന്നഗശായിയെ 160

ഒൻറുമൂൻറുമനേകമ്മായൊൻറിനില്ക്കിൻറ മായനെ
തേനേ ദേവാദിദേവാനാം കോമനേപത്മാലയാപതേ! 161

കേവലം തഞ്ചമായ് നിൻറ ദൈവമേ ശിവമൂർത്തിയെ
അതസീകുസുമംപോലെ തിരുമേനിനിറത്തിനെ 162

തായും തന്തയുമായ് നിൻറ മായനെ വേദസാരനെ
സാഗരേ മത്സ്യരൂപേണ വേഗമാച്ചെൻറുമാമറ 163

വിഴുങ്ങിക്കൊണ്ടു നീ പോന്നു കഴിഞ്ഞ പരിശെങ്ങനെ
കച്ഛപാകൃതിയായ് പണ്ടു വിച്ഛയായ് മന്ദരാചലം 164

എടുത്തുയരമേനിൻറു പിടിച്ചപരിചെങ്ങിനെ?
തരാതലത്തിൽ പോയോരു ധരയെച്ചെൻറു പൻറിയായ് 165

കി**ന്നൊളുള്ള വളർച്ചയുമൊളിച്ചതോ?
സ്തം—ദാനവാൻഹന്തും സംഭവിച്ചോരു സിംഹമായ് 166

പിടിച്ചിട്ടു നഖാഗ്രംകൊണ്ടടത്തു കടർ പൂടിനാ
നിലം മൂവടിതാവെൻറു ബാലനായ് കറാംമാന്നിയായ് 167

അളന്നതികെയാങ്ങു വളർന്നരുളിനാഖില (?)
സമരേ വഞ്ചകംകൊണ്ടേ സമസ്തം ക്ഷത്രിയർഷഭാൻ 168

അരിഞ്ഞരിഞ്ഞുതർപ്പിച്ചാ പുര*പരശുരാമനായ്
രാമനായ് രാവണൻ വന്നു സീതയെക്കൊണ്ടുപോയനാൾ 169

കൊൻറിട്ടംശു തമ്പിക്ക നലവാകിന ദിവ്യനെ.
ഉലക്കയുന്നാജ്ഞെ*മായ് ബലമ്മിക്കതിശ്ശൂരനനായ് 170

അമിത്രാൻ കൊൻറവാറെല്ലാം നമുക്കരുതു ചൊല്ലുവാൻ.
(ഭൂപാ,?ഭാ)രത്തെക്കെട്ടപ്പാനായ് ഗജായ രഥവാലിയായ് 171

അഷ്ടാദശാക്ഷൌഹിണീനാം നഷ്ടമാക്കിയ ശിഷ്ടനെ
നാന്ദിപായവരീപ്രായ പിന്നെപ്പത്തെട്ടുനാളിലേ 172

വേദശാസ്ത്രങ്ങളായിട്ടുമേവമാദിപയററിനാ.
മരിച്ചപോയമകനെത്തരികെൻറതു കാരണം 173

ചെൻറു സാഗരമദ്ധ്യസ്ഥം കൊൻറു പഞ്ചജനം പുനഃ
പാഞ്ചജന്യം മഹാശംഖമഞ്ചുമെൻറു ജഗത്ത്രയം 174

വിളിച്ചു യമലോകം പുക്കൊളിച്ച ഗുരുപുത്രനെ
എടുത്തുകൊണ്ടു പോന്നെൻറു കൊടുത്താ ഗുരുഭക്തിയാൽ 175

സുതന്നരകനെക്കൊന്റു പതിനാറായിരം പുനഃ
കൊണ്ടപെണ്ണുങ്ങളെപ്പുണ്ടു കഞ്ജരാഭ്യാം സഹപ്രഭോ 176

അദിതിക്കു കൊടുപ്പാനായ്സ്സദാ സ്വർഗ്ഗത്തു പോയനാൾ
കലഹിച്ചമരാനന്റു മലരിടിന പാദപാൻ 177

പാരിജാതം പറിച്ചങ്ങു പാരിലാക്കിയ ധീരനെ
ചിത്രലേഖയെടുത്തിട്ടു പുത്രനെക്കൊണ്ടുപോയനാൾ 178

ഉഷയായ സഹംഗൃഹ്യദപിഷീണം ബാണമന്തികേ.
വെന്റിതൊട്ടപിയമ്മുറവും നിന്റഭൃത്യനാദിയായ് 179

എല്ലാരെയും ജയിപ്പോരു വില്ലായി വിഷ്ണുമൂത്തിയെ
ഒരുക്ഷണന്നശിപ്പിച്ചാ കുരുക്ഷേത്രത്തുകൊണ്ടുപോയ് 180

ഇനിയാം ദ്വാപരത്തെന്നും ജയിച്ചവർകലൌ വേദവാദ.?
വാദവണ്ണം ജഗന്നാഥ സാധിപ്പു കൃതകൃത്യമും. 181

നൽകും നാകൈരകസന്യാരെരു കല്ക്കിയെക്കാമരൂപിയെ
ഹരനാരായണന്മാരെന്റിരണ്ടായ് നിന്റദൈവമേ 182

നിനക്കടിമപൂകിന്റേനെന്നിക്കു തുണചെയ്കനീ.
എന്റിത്ഥം പൂവെവുത്തിട്ടു നിന്റു നീന്റൂർദ്ധ്വബാഹുവായ്.

നാരായണാ! നമസ്തുഭ്യം നാരായണനിതപ്പെട്ടം
സൂക്ഷ്മിച്ച ചിത്രമാച്ചൊന്നാ സ്തോത്രംവെന്ദിച്ചു നിത്യമും. 184

ഭക്ത്യാ കേൾക്കിൽ ജനത്തിന്നു മുക്തിയെക്കേവലസ്ഥിതാം.
വെണ്ണപോലുരുകുംവ്യാധി*ന്റവണ്ണമിതസ്തുതഃ 185

കാവ്യങ്ങൾ പലവുമ്മറവും സൌമ്യരാച്ചെന്റു നിത്യമും
അനന്തപുരമാളിന്റവസന്തനെ മനോജ്ഞനെ 186

കൈയ്യാരത്തൊഴുതേന്റേക്കും മെയ്യൊന്റായ് കൂടിനില്പരേ.
നമോനാരായണായ ശ്രീവിഷ്ണവേ നമഃ

---

165097
38089
G22:381:CA1
32J3
MUL
165097
UNIVERSITY
18 NOV 1954

- 9 JUN 1955

MUL
165097